# Foreign Secretary's Conference Call with counterparts from Indo-Pacific Countries

March 20, 2020

## ഇൻഡോ പസഫിക് രാജ്യങ്ങളിൽ നിന്നും സമാനരായ ആളുകൾക്കൊപ്പമുള്ള വിദേശകാര്യ സെക്രട്ടറിയുടെ കോൺഫറൻസ് കാൾ

മാർച്ച് 20, 2020

കോവിഡ് -19 പ്രതിരോധ പ്രശ്നങ്ങളെത്തുടർന്ന് ഇൻഡോ-പസഫിക് പ്രവിശ്യയിലെ ചില രാജ്യങ്ങളുമായി യു എസ് ഡെപ്യൂട്ടി സെക്രട്ടറി ഓഫ് സ്റ്റേയ്റ്റ് സ്റ്റീഫൻ ബെയ്ഗനിന്റെ നേതൃത്വത്തിൽ ,2020 മാർച്ച് 20 ന് നടന്ന ടെലിഫോണിക് കോൺഫറൻസ് കോളിൽ വിദേശ കാര്യ സെക്രട്ടറി ശ്രീ ഹർഷ് വർധന ശ്രിംഗള പങ്കെടുത്തു. ടെലികോൺഫറൻസിൽ ഓസ്ട്രേലിയ, കൊറിയൻ റിപബ്ലിക്, വിയറ്റ്നാം, ന്യൂസിലൻഡ് കൂടാതെ ജപ്പാൻ എന്നിവിടങ്ങളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു.

ഇതിൽ പങ്കെടുത്തവർ കോവിഡ് -19 സംബന്ധിച്ചുള്ള നിലവിലെ സാഹചര്യങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകൾ പങ്കു വയ്ച്ചു കൂടാതെ ഇത് പകരുന്നത് തടയാനുള്ള പരിശ്രമങ്ങളെ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള വഴികൾ ചർച്ച ചെയ്യുകയും ചെയ്തു.

പങ്കെടുത്തവർക്കായി പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ദേശീയമായും പ്രാദേശികമായും എടുത്ത സക്രിയ നടപടികൾ വിദേശ കാര്യ സെക്രട്ടറി ശ്രിംഗള വിശദീകരിച്ചു. ഈ റീജിയണിലെ ആളുകളുമായി ഇന്ത്യയുടെ കാഴ്ചപ്പാടുകൾ സ്ഥിരമായി പങ്കുവയ്ക്കുന്നതിനു തങ്ങൾക്ക് താല്പര്യമുണ്ടെന്നും വെല്ലുവിളികളെ നേരിടാൻ കൂട്ടായ പ്രവർത്തനങ്ങൾ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം അറിയിച്ചു. വാക്സിൻ വികസിപ്പിക്കുന്നതിൽ സഹകരണം, ബാധിതരായ പൗരന്മാർ നേരിടേണ്ടി വരുന്ന വെല്ലുവിളികൾ, ആവശ്യമുള്ള രാജ്യങ്ങൾക്കുള്ള സഹായങ്ങൾ കൂടാതെ ആഗോള സമ്പദ്ഘടനയിലെ പ്രത്യാഘാതങ്ങൾ എന്നിവയുൾപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ഈ കോൺഫറൻസ് കാൾ ആഴ്ച തോറും നടത്തുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

**ന്യൂ ഡൽഹി**
**20 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.